**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

10.02..2020-ൽ മറുപടി നൽകേണ്ടത്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1743

## നടുവിൽ പോളിടെക്നിക്കിന്റെ നിർമ്മാണം

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ് :**

**മറുപടി**
**ഡോ.കെ.ടി.ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ നടുവിൽ പോളിടെക്നിക്കിലെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഒന്നാം വർഷ ക്ളാസുകൾ ആരംഭിക്കുന്നതിന് AICTE യുടെനിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് 500 ചതുരശ്ര മീറ്റർ കെട്ടിടത്തിൻെറ അഭാവമുള്ളത് പരിഹരിക്കുന്നതിന് 15.11.2019-ലെ സ.ഉ.(സാധാ) നം. 2034/2019/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 1060 ചതുരശ്ര മീറ്റർ കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൻെറ ഇലക്ട്രിക്കൽ വയറിംഗ് നടത്തുന്നതിനായി 3,67,820/- രൂപയുടെ ഭരണാനുമതിയും അലോട്ട്മെൻറും നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ നടുവിൽ പോളിടെക്നിക്കിന് കൈവശാവകാശം ലഭിക്കുന്നതിന് , വിട്ടുനൽകിയ സ്ഥലത്ത് ടെക്നിക്കൽ സ്കൂളിന് വേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിൻെറ വിവിധ മുറികളുടെ ഇടച്ചുമരുകൾ നീക്കം ചെയ്ത് AICTE മാനദണ്ഡമനുസരിച്ച് പോളിടെക്നിക്കാവശ്യമായ രീതിയിൽ മുറികൾ പുനർ നിർമ്മിക്കുന്നതിനും റാമ്പുകൾ, |

| | | | |
|---|---|---|---|
| | | | , ടോയിലറ്റ് ബ്ളോക്കുകൾ (ആൺകുട്ടികൾ , പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ) എന്നിവ നിർമ്മിക്കുന്നതിനും, ഫയർ & സേഫ്റ്റി സൗകര്യമൊരുക്കുക , ചുറ്റുമതിൽ നിർമ്മിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | അടുത്ത അധ്യയന വർഷമെങ്കിലും ക്ലാസ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2020-21 വർഷത്തേയ്ക്ക് AICTE അംഗീകാരം നേടി ക്ളാസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | എം.എൽ.എ. ഫണ്ടിലും എം.പി. ഫണ്ടിലും നിന്ന് അനുവദിച്ച തുകയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്നറിയിക്കാമോ? | (സി) | എം.എൽ.എ. ഫണ്ടിലും എം.പി.ഫണ്ടിലും നിന്നും അനുവദിച്ച തുകയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ